**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1705** **11-10-2024 - ൽ മറുപടിയ്ക്ക്**

**കാലിക്കറ്റ് സർവകലാശാല വിദ്യാർത്ഥിനിക്ക് അധികമായി നൽകിയ മാർക്ക് റദ്ദാക്കിയ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാലിക്കറ്റ് സർവകലാശാല വിമൻസ് സ്റ്റഡീസ് വകുപ്പിൽ നിന്നും 2010 ൽ എംഎ ബിരുദം നേടിയ കെ.ഡയാനയ്ക്ക് 17 മാർക്ക് അധികമായി നൽകിയത് ചാൻസലർ റദ്ദാക്കിയോ; എങ്കിൽ എന്ത് കാരണം ചൂണ്ടിക്കാട്ടിയാണ് റദ്ദാക്കിയതെന്ന് വിശദമാക്കാമോ; | (എ) | വിദ്യാർത്ഥികളുടെ ഹാജർ നിലക്കനുസരിച്ച് ഇന്റേണൽ മാർക്ക് നൽകിയതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികൾ വിശദമായി പരിശോധിച്ച് സർവകലാശാല ബോർഡ് ഓഫ് അഡ്ജുഡിക്കേഷൻ ആൻഡ് സ്റ്റുഡന്റ്സ് ഗ്രീവൻസിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ നൽകിയ മാർക്ക് ചാൻസലർ റദ്ദാക്കിയിട്ടുണ്ട് . എട്ടുവർഷങ്ങൾക്കു ശേഷം ഒരു വിദ്യർത്ഥിക്കു മാത്രം ഇന്റേണൽ മാർക്ക് തിരുത്തി നൽകാൻ സ്വീകരിച്ച നടപടിക്രമത്തിന് യാതൊരു സാധൂകരണവും ഇല്ല എന്നും സർവ്വകലാശാലയുടെ എതെങ്കിലും അതോറിറ്റിയുടെ നിയമപരമായി നിലനിൽക്കുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അല്ല എന്നും അറിയിച്ചു കൊണ്ടാണ് അധികമായി നൽകിയ മാർക്ക് ചാൻസലർ റദ്ദാക്കിയത്. |
| (ബി) | സർവ്വകലാശാല അധികമാർക്ക് രേഖപ്പെടുത്തി വിദ്യാർത്ഥിനിക്ക് നൽകിയ മാർക്ക് ലിസ്റ്റ് മടക്കി വാങ്ങി പുതുക്കിയ മാർക്ക് ലിസ്റ്റ് യൂണിവേഴ്സിറ്റി പരീക്ഷാഭവൻ നൽകിയോ; ഇല്ലെങ്കിൽ അതിന്റെ കാരണം എന്താണ്; | (ബി) | ഇല്ല. പുതുക്കിയ മാർക്ക് ലിസ്റ്റ് നൽകുന്നതിനായി പഴയ മാർക്ക് ലിസ്റ്റ് യൂണിവേഴ്സിറ്റിയിൽ തിരികെ സമർപ്പിക്കേണ്ടതുണ്ട്. ആയതു തിരികെ സമർപ്പിക്കാൻ വിദ്യാർത്ഥിനിക്ക് സർവകലാശാല നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | അധികമാർക്ക് നൽകുന്നതിന് വിസമ്മതിച്ച വിമൻസ് സ്റ്റഡീസ് മുൻ വകുപ്പ് മേധാവിയായിരുന്ന ഡോ: മോളി കുരുവിളക്കെതിരെ സർവ്വകലാശാല കൈകൊണ്ട ശിക്ഷാനടപടികൾ തുടരുന്നുണ്ടോ; സർവീസിൽ നിന്ന് വിരമിച്ച ഡോ: മോളി കുരുവിളയുടെ പെൻഷൻ ആനുകൂല്യങ്ങൾ തടഞ്ഞുവച്ചതിന് കാരണം വ്യക്തമാക്കുമോ; | (സി) | ഡോ. മോളി കുരുവിളയ്ക്കെതിരെ നിലവിൽ ശിക്ഷാനടപടികൾ തുടരുന്നില്ല. സർവീസിൽ നിന്നും വിരമിച്ച ഡോ. മോളി കുരുവിളയുടെ പെൻഷൻ ആനുകൂല്യങ്ങൾ, കെ.എസ്.എ.ഡി. ജോയിന്റ് ഡയറക്ടറുടെ ഓഡിറ്റ് ഒബ്ജക്ഷൻ നിലനിൽക്കുന്നതിനാൽ, ഓഡിറ്റ് തടസ്സവാദം നീങ്ങുന്നത് വരേയ്ക്കും ഡി.സി.ആർ.ജി. യുടെ 50% (8,50,000/- രൂപ) തടഞ്ഞുവെച്ച് കൊണ്ട്, അനുവദിച്ച് നൽകാൻ 21.07.2023 തീയതിയിൽ ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിക്കുകയും അത് അനുസരിച്ച് ഡോ.മോളി കുരുവിളയ്ക്ക് |

| | | | |
|---|---|---|---|
| | | | പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചു കൊണ്ട് ഉത്തരവ് ഇറക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | കെ.ഡയാനയ്ക്ക് അധികമാർക്ക് നൽകാൻ ശുപാർശ ചെയ്ത വകുപ്പ് മേധാവിക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പ്ലാനിങ് ബോർഡ് അംഗമായി നിയമനം നൽകിയോ; | (ഡി) | വുമൺ സ്റ്റഡീസിലെ ഒരദ്ധ്യാപികക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പ്ലാനിങ് ബോർഡ് അംഗമായി സർക്കാരിൽ നിന്നും നിയമനം കിട്ടിയ മുറയ്ക്ക് റിലീവ് ചെയ്തിട്ടുണ്ട്. |
| (ഇ) | ഡയാനയ്ക്ക് വിമൻസ് സ്റ്റഡീസ് വകുപ്പിൽ തന്നെ കരാറടിസ്ഥാനത്തിൽ അസിസ്റ്റൻറ് പ്രൊഫസറായി നിയമനം നൽകിയോ; എന്നുമുതലാണ് നിയമനം നൽകിയത് വിശദമാക്കാമോ; | (ഇ) | ശ്രീമതി ഡയാന വിമൻസ് സ്റ്റഡീസ് ഡിപ്പാർട്ട്മെന്റിൽ 2011-2012, 2017-2018, 2018-2019, 2019-2020, 2020-2021 കാലഘട്ടത്തിൽ കരാറടിസ്ഥാനത്തിൽ ജോലിചെയ്തിട്ടുണ്ട്. |
| (എഫ്) | ഓരോ വർഷവും കരാർ പുതുക്കുമ്പോൾ നിയമനത്തിൽ സംവരണ തത്വം പാലിക്കുന്നുണ്ടോ വിശദമാക്കാമോ? | (എഫ്) | സംവരണ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടാണ് കരാർ അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നത്. കരാർ കാലാവധി തീരുന്ന മുറക്ക് നിയമാനുസൃതമായ ബ്രേക്ക് അനുവദിച്ചു കൊണ്ട് റീ-എൻഗേജ്മെന്റ് നൽകുകയാണ് ചെയ്തു വരുന്നത്. |

സെക്ഷൻ ഓഫീസർ